## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 389 | 08.08.2017 - ൽ മറുപടിയ്ക്ക് |

### ചരക്ക സേവന നികുതി മൂലമുള്ള നേട്ടം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി<br>,, പി.കെ.അബ്ദു റബ്ബ്<br>,, കെ.എം.ഷാജി<br>,, പി.ഉബൈദുള്ള | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ചരക്ക സേവന നികുതി നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങളെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ? | (എ) | ചരക്കസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ഇതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകും. പൂർണ്ണമായും കമ്പ്യൂട്ടർവൽകൃത നികുതി നിർവ്വഹണ സമ്പ്രദായമായ ജി.എസ്.ടി നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തുന്നതിനുള്ള GST Compensation Act പാസ്സാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ജി.എസ്.ടി നടപ്പാക്കുമ്പോൾ വരുമാന നഷ്ടം ഉണ്ടായാൽ 2015-16 ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷം തോറും കണക്കാക്കി ആദ്യ അഞ്ച് വർഷത്തേക്ക് പൂർണ്ണമായി നഷ്ടപരിഹാരം ലഭിക്കും. |

| | | | |
|---|---|---|---|
| (ബി) | ഒരു സാമ്പത്തിക വർഷം എത്ര കോടിയുടെ അധിക വരുമാനം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നറിയിക്കാമോ? | (ബി) | ചരക്കുസേവന നികുതി ജൂലൈ-1 മുതലാണ് നടപ്പിൽ വന്നത്. ആദ്യത്തെ പൂർണ്ണ ജി.എസ്.ടി റിട്ടേൺ സമർപ്പിക്കുന്നതിന് സെപ്തംബർ 10 വരെ സമയം നൽകിയിട്ടുണ്ട്. അതിനുശേഷം മാത്രമേ വരുമാനം സംബന്ധിച്ച് തിട്ടപ്പെടുത്തിയ നിഗമനം നടത്താനാകൂ. |

**സെക്ഷൻ ഓഫീസർ**